പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*7 28-05-2019-ലെ മറുപടിയ്ക്ക്

**കർഷക ആത്മഹത്യ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. അനിൽ അക്കര**<br>**ശ്രീ. പി.ടി. തോമസ്**<br>**ശ്രീ. വി.ഡി. സതീശൻ**<br>**ശ്രീ. ഐ.സി. ബാലകൃഷ്ണൻ** | | **ശ്രീ.പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| **(എ)** | സംസ്ഥാനം നേരിട്ട പ്രളയം കർഷകരുടെ ജീവിതത്തെ താളം തെറ്റിച്ചുവെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | **(എ)** | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **(ബി)** | പ്രളയാനന്തര പ്രവർത്തനങ്ങൾക്ക് മാനുഷികമുഖം നൽകുന്നതിൽ വന്ന വീഴ്ചയാണ് മുമ്പെങ്ങുമില്ലാത്തവിധം കർഷക ആത്മഹത്യകൾ സംസ്ഥാനത്ത് ഉണ്ടാകുവാൻ കാരണമെന്ന വിമർശനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | **(ബി)** | പ്രളയാനന്തരം കാർഷിക മേഖലയുടെ പുനർജീവനത്തിനായി കൃഷി വകുപ്പ് പ്രവർത്തനനിരതമായിരുന്നു. എല്ലാ ജില്ലകളിലും പുനർജ്ജനി എന്ന പേരിൽ കാർഷിക മേഖലയുടെ പുനർസൃഷ്ടിക്കായി അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധ പ്രവർത്തകർ, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഇതിനോടനുബന്ധിച്ച് പ്രളയാനന്തരം അനുവർത്തിക്കേണ്ട കാർഷിക മുറകളെ കുറിച്ച് കർഷകർക്ക് ബോധവൽക്കരണം നടത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിച്ചു. |
| **(സി)** | കാർഷികകടങ്ങൾക്ക് ഏർപ്പെടുത്തിയ മോറോട്ടോറിയം ഡിസംബർ 31 വരെ നീട്ടിയ തീരുമാനം ഉത്തരവായി പുറത്തിറക്കുവാൻ സമയബന്ധിതമായ നടപടി സ്വീകരിക്കുന്നതിൽ | **(സി)** | 12.10.2018-ലെ G.O.(Ms)367/18/റവ പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ക്ഷീരവികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ |

| | | | |
|---|---|---|---|
| | സർക്കാരിനുണ്ടായ വീഴ്ച ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | | വായ്പകളിൻമേലുമുള്ള ജപ്തി നടപടികൾക്ക് ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് ഉത്തരവായിരുന്നു. 05.03.2019-ലെ മന്ത്രിസഭായോഗ തീരുമാന പ്രകാരം പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിൻമേലുള്ള ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കുകയും ആയതു പ്രകാരം കൃഷി വകുപ്പ് 07.03.2019-ൽ സ.ഉ.(കൈ)നം.41/2019/കൃഷി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ മൊറട്ടോറിയം സംബന്ധിച്ച ഉത്തരവ് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിനു മുൻപ് റവന്യൂ വകുപ്പിന് പുറപ്പെടുവിക്കാൻ കഴിഞ്ഞില്ല. |
| (ഡി) | സംസ്ഥാനത്തുണ്ടായ കർഷക ആത്മഹത്യകളെ ലഘൂകരിച്ച് കാണുന്നതും പ്രളയമുണ്ടായി മാസങ്ങൾ കഴിഞ്ഞിട്ടും കർഷകർക്ക് സമാശ്വാസം എത്തിക്കുന്നതിൽ ഉണ്ടായ അലംഭാവവും ഈ വർഷം തന്നെ പത്തിലധികം കർഷകർ ആത്മഹത്യ ചെയ്യേണ്ട സ്ഥിതിവിശേഷം ഉണ്ടാക്കിയതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (ഡി) | പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് കൃഷിഭൂമിതന്നെ നഷ്ടമാകുന്ന സ്ഥിതിയുമുണ്ടായി. പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിയത്. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുന:സൃഷ്ടിയ്ക്കായി, അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ - കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജനി പദ്ധതി നടപ്പിലാക്കിയത്. പുനർജനി പദ്ധതിയിലൂടെ കർഷകരുടെ ആത്മവിശ്വാസം വീണ്ടെടുക്കുവാനും കൃഷി വകുപ്പ് കർഷകരോടൊപ്പമാണെന്ന വിശ്വാസം ഉറപ്പിക്കുവാനും സാധിച്ചു. |

| | | | |
|---|---|---|---|
| | | | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (സി.എം.ഡി.ആർ.എഫ്) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായമായി 54 കോടി രൂപയും സംസ്ഥാന ബഡ്ജറ്റ് വിഹിതമായി 1.5 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ച 109.01 കോടി രൂപയും ഉൾപ്പടെ ആകെ 164.51 കോടി രൂപ 354810 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.<br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തിരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുകയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ<br>152350 കർഷകർക്ക്നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.<br>പ്രളയം മൂലം നെൽകൃഷി നശിച്ചതിന് വിരിപ്പ്-മുണ്ടകൻ സീസണിൽ വിതയ്ക്കുന്നതിനായി 5650.85 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്യുന്നതിന് 22.60338 കോടി രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, പച്ചക്കറി കൃഷിയുടെ പുനരുജ്ജീവനത്തിനായി 770 ലക്ഷം രൂപയുടെ 77 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 75 ലക്ഷം രൂപയുടെ 30 ലക്ഷം തൈകളും സൗജന്യമായി കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പരിഹരിക്കുന്നതിന് 'സോയിൽ അമീലിയോറന്റ്സ് ഇൻ സെലക്ടഡ് ഡിസ്ട്രിക്ട്' എന്ന പദ്ധതി പ്രകാരം 75 ശതമാനം സബ്സിഡി നിരക്കിൽ 4369.27 ഹെക്ടർ സ്ഥലത്ത് 21846 കർഷകർക്കായി 108 ലക്ഷം രൂപയുടെ കുമ്മായവസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്.<br><br>പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വരൾച്ച മൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ. ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 24500 കർഷകർക്കായി 2126 ലക്ഷം രൂപയും, ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമായി 12752 കർഷകർക്കായ് 26.21583 ലക്ഷം രൂപയും മഴക്കെടുതി മൂലം ബണ്ടുകൾ പൊട്ടിയത് റിപ്പയർ ചെയ്യുന്നതിന് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 423 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 76.75677 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, പമ്പ് സെറ്റ്, പെട്ടി പറ എന്നിവ റിപ്പയർ ചെയ്യുന്നതിന് 97.6356 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.<br><br>മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതമായും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും, ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.<br>ഇതിനെല്ലാം പുറമേ വെള്ളപ്പൊക്ക കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം ലഭിച്ചു. അതോടൊപ്പം പുതുക്കൃഷി ആരംഭിക്കുന്നതിനും വിത്ത്/ കുമ്മായം പോലുള്ള ഉൽപാദനോപാധികളുടെ വിതരണത്തിനും, നടീൽ വസ്തുക്കളുടെ വിതരണത്തിനും, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19 -ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജ്ജനി പാക്കേജിനും അംഗീകാരം ലഭിച്ചു ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കി.<br>കാലവർഷക്കെടുതി മൂലം ദുരിതമനുഭവിക്കുന്ന സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും കർഷകർക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ക്ഷീര വികസനം, മൃഗ സംരക്ഷണം ഉൾപ്പടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 12.10.2018-ലെ സ.ഉ.(കൈ)നം. 367/2018/റവ നമ്പർ ഉത്തരവ് പ്രകാരം 12.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.<br>കൂടാതെ, കൃഷി വകുപ്പിന്റെ 07.03.2019 തീയതിയിലെ സ.ഉ.(കൈ) നം. 41/2019/കൃഷി തീയതി പ്രകാരം പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കുകയും ചെയ്തു. ഇത് കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും ബാധകമാണ്.<br>ആയതിനാൽ, കർഷകർക്ക് സമാശ്വാസം എത്തിക്കുന്നതിൽ യാതൊരലംഭാവവും കൃഷി വകുപ്പിന്റെ ഭാഗത്തു നിന്ന് വന്നിട്ടില്ല. |
| (ഇ) | കോൺഗ്രസ്സ് സർക്കാരുകളുള്ള സംസ്ഥാനങ്ങളിൽ കാർഷികകടങ്ങൾ എഴുതിത്തള്ളിയ വസ്തുത പരിഗണിച്ച് സംസ്ഥാനത്തെ മുഴുവൻ കാർഷികകടങ്ങളും എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | കർഷക കടാശ്വാസ കമ്മീഷൻ മുഖേന ആനുകൂല്യം നൽകുന്ന കാർഷിക വായ്പകളുടെ കാലാവധി ഇടുക്കി, വയനാട് ജില്ലകളിൽ 2018 ആഗസ്റ്റ് 31 വരെയും മറ്റു ജില്ലകളിൽ 2014 മാർച്ച് 31 വരെയും ദീർഘിപ്പിക്കുവാനും കർഷക കടാശ്വാസ കമ്മീഷൻ 50,000/- രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ടു ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്(രണ്ടു ലക്ഷം രൂപ വരെയുള്ള കാർഷിക കടം എഴുതിത്തള്ളുന്നതിനു തുല്യമായ തീരുമാനമാണിത്). കൂടാതെ കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെ കൂടി ഉൾപ്പെടുത്താമോ എന്ന വിഷയം പരിശോധിക്കുവാൻ കൃഷി, ആസൂത്രണ- |

| | | | |
|---|---|---|---|
| | | | സാമ്പത്തിക കാര്യ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കർഷകർക്ക് ദീർഘകാല വിളകൾക്ക് പുതുതായി അനുവദിക്കുന്ന വായ്പകളുടെ പലിശ, ലോൺ അനുവദിക്കുന്നത് മുതൽ ഒരു വർഷത്തേക്ക് നബാർഡ് മാതൃകയിൽ 9% വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വിവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (എച്ച്) വകുപ്പ്**

സ.ഉ.(എം.എസ്) നം.367/2018/റവ. തിരുവനന്തപുരം, തീയതി, 12/10/2018

പരാമർശം: 19.12.2016-ലെ സ.ഉ(എം.എസ്)598/16/റവ നമ്പർ സർക്കാർ ഉത്തരവ്

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട്, 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് പരാമർശ ഉത്തരവ് പ്രകാരം 2017 മെയ് 31 വരെ സർക്കാർ മോറട്ടോറിയം പുറപ്പെടുവിച്ചിരുന്നു.

2. ഈ നൂറ്റാണ്ടിലെ മഹാപ്രളയത്തെ തുടർന്ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കാലവർഷക്കെടുതികളും വ്യാപകമായ കൃഷിനാശവും സംഭവിച്ചിട്ടുണ്ട്. ഇതുവഴി ബഹുഭൂരിപക്ഷം വരുന്ന കർഷകരുടെ വായ്പാ തിരിച്ചടവ് മുടങ്ങുകയും അവർ ജപ്തി ഭീഷണി നേരിടുന്ന അവസ്ഥ സംജാതമായിരിക്കുകയുമാണ്.

3. പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ക്ഷീരവികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് ഉത്തരവ് തീയതിമുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്. കുര്യൻ**

അഡീഷണൽ ചീഫ് സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. എല്ലാ ജില്ലാ കളക്ടർമാർക്കും
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) തിരുവനന്തപുരം
4. പൊതുഭരണ(SC) വകുപ്പ് (ഇനം 2503 തീയതി, 27.09.2018)
5. കൃഷി വകുപ്പ്
6. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
7. ധനകാര്യ വകുപ്പ്
8. റവന്യൂ (എസ്/ജി/ഡി.എം.(എ, ബി)) വകുപ്പ്
9. ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
10. ഓഫീസ് കോപ്പി/കരുതൽ ഫയൽ

**പകർപ്പ്:** റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - 2018 ആഗസ്റ്റ് മാസത്തെ മഹാപ്രളയം - കാർഷിക വായ്പകളിന്മേൽ ആനുകൂല്യങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (കൃഷി) വകുപ്പ്

സ.ഉ(കൈ.)നം. 41/2019/കൃഷി തീയതി, തിരുവനന്തപുരം, 07.03.2019

**ഉത്തരവ്**

2018 ആഗസ്റ്റ് മാസത്തെ മഹാപ്രളയത്തിൽ കാർഷിക മേഖലയ്ക്കുണ്ടായ വൻനാശനഷ്ടം കണക്കിലെടുത്ത് പ്രളയബാധിത മേഖലയിലെ കർഷക വായ്പകളിന്മേൽ താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നതിന് 05.03.2019-ലെ മന്ത്രിസഭാ യോഗം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ഈ തീരുമാനങ്ങളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സമയബന്ധിതമായി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

1. പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കുന്നു. ഇത് കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും ബാധകമാണ്. (നടപടി : റവന്യു വകുപ്പ്)

2. ദീർഘകാല വിളകൾക്ക് പുതുതായി അനുവദിക്കുന്ന വായ്പകളുടെ പലിശ, ലോൺ അനുവദിക്കുന്നതു മുതൽ ഒരു വർഷത്തേയ്ക്ക് നബാർഡ് മാതൃകയിൽ 9% വരെ സി.എം.ഡി.ആർ.എഫ്.-ൽ നിന്നും നൽകുന്നതാണ്. (നടപടി : റവന്യു വകുപ്പ്)

3. കർഷക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നിലവിൽ വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള വായ്പകൾക്ക് നൽകി വരുന്ന ആനുകൂല്യം ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെ നൽകുകയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയും കർഷക കടാശ്വാസ കമ്മീഷൻ അൻപതിനായിരം രൂപയ്ക്ക് മേലുള്ള കടിശ്ശികയ്ക്ക് നൽകുന്ന ആനുകല്യം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. (നടപടി : റവന്യു വകുപ്പ്)

4. കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെ ഉൾപ്പെടുത്താമോയെന്ന് പരിശോധിക്കുവാൻ കൃഷി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പുകളെ ചുമതലപ്പെടുത്തുന്നു. (നടപടി : കൃഷി വകുപ്പ്/ ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്)

5. വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രീമിയം തുക ഒടുക്കി പദ്ധതിയിൽ ചേർന്നതും കൃഷി നാശം ഉണ്ടായതുമായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ തുകയായ 31 കോടി രൂപ (മുപ്പത്തിയൊന്ന് കോടി രൂപ) അനുവദിക്കുന്നു. (നടപടി : കൃഷി വകുപ്പ്/ധനകാര്യ വകുപ്പ്)

6. പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് എസ്.ഡി.ആർ.എഫ്. സഹായത്തിനുപരിയായി സംസ്ഥാന സർക്കാർ നൽകുന്ന ധനസഹായ ഇനത്തിൽ കുടിശ്ശികയായ 54 കോടി രൂപ (അൻപത്തിനാല് കോടി രൂപ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നു. (നടപടി : റവന്യൂ വകുപ്പ്)

7. കൃഷി വകുപ്പിന്റെ 29.09.2015-ലെ സ.ഉ.(കൈ) നം.182/2015/കൃഷി ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നഷ്ടത്തിനുള്ള ധനസഹായം ഉത്തരവിനോടൊപ്പമുള്ള അനുബന്ധത്തിലെ ക്രമ നമ്പർ 10 മുതൽ 18 വരെയുള്ള ഇനങ്ങൾക്ക് എന്ന ഭേദഗതിയോടെ നിലവിലുള്ള തുകയുടെ 100% വർദ്ധിപ്പിക്കുന്നു. (നടപടി : കൃഷി വകുപ്പ്)

8. പ്രളയംമൂലം കൃഷിനാശം സംഭവിച്ച ഏലം കർഷകർക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യം ഹെക്ടർ ഒന്നിന് പതിനെട്ടായിരം രൂപ എന്നത് ഇരുപത്തിഅയ്യായിരം രൂപയായി വർദ്ധിപ്പിക്കുന്നു. (നടപടി : റവന്യൂ/കൃഷി വകുപ്പ്)

9. പ്രളയംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച രജിസ്റ്റേർഡ് അലങ്കാര മത്സ്യകൃഷിക്കാർക്ക് (ഉടമസ്ഥർ/വിതരണക്കാർ) ആനുകൂല്യങ്ങൾ നൽകുവാൻ തത്വത്തിൽ തീരുമാനിക്കുകയും പ്രസ്തുത ആനുകൂല്യം ഏത് രീതിയിലാണ് നൽകേണ്ടതെന്ന കാര്യം പരിശോധിക്കുവാൻ മത്സ്യബന്ധന വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. (നടപടി : മത്സ്യബന്ധന വകുപ്പ്)

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ. രത്തൻ യു കേൽക്കർ,**
**സ്പെഷ്യൽ സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്/സഹകരണ വകുപ്പ്/റവന്യൂ വകുപ്പ്/റവന്യൂ (ഡി.ആർ.എഫ്)വകുപ്പ്/ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്/ മത്സ്യ ബന്ധന വകുപ്പ്/ വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
പൊതുഭരണ (എസ്.സി) വകുപ്പ്
സ്റ്റോക്ക്/ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ് :- മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
കാർഷികോല്പാദന കമ്മീഷണറുടെ പി.എ.യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

സെക്ഷൻ ഓഫീസർ